പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3244 11.12.2014 - ൽ മറുപടിക്ക്

# കോഴിക്കോട് നഗരത്തിൽ മോണോറെയിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് നഗരത്തിൽ മോണോറെയിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ ; | (എ) തീരുമാനിച്ചിരുന്നു. |
| (ബി) മോണോറെയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ തീരുമാനമെടുത്തതെന്ന് പറയുമോ ; | (ബി) 2010 ഡിസംബറിൽ വിൽബർ സ്മിത്ത് എന്ന കൺസൽറ്റൻസി കമ്പനി നടത്തിയ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്ത പ്രകാരമാണ് കോഴിക്കോട് മോണോറെയിൽ പദ്ധതി ആവിഷ്ക്കരിച്ചത്. |
| (സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷൻ കൗൺസിലുമായോ ജനപ്രതിനിധികളുമായോ ചർച്ച നടത്തിയിരുന്നുവോ ; | (സി) 26.07.2013 - ന് ബഹു. കോഴിക്കോട് മേയറുടെ അദ്ധ്യക്ഷതയിൽ, കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ ചേർന്ന യോഗത്തിൽ ഡി. എം. ആർ. സി - യുടെ മുഖ്യ ഉപദേഷ്ടാവായ ഡോ. ഇ. ശ്രീധരൻ പദ്ധതിയെപ്പറ്റി വിശദീകരിക്കുകയുണ്ടായി.<br><br>22.01.2014 - ന് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഡി. എം. ആർ. സി - യുടെ മുഖ്യ ഉപദേഷ്ടാവായ ഡോ. ഇ. ശ്രീധരൻ പദ്ധതിയെപ്പറ്റി വിശദീകരിച്ചു. പ്രസ്തുത യോഗത്തിൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി, |

ബഹു. പഞ്ചായത്ത് - സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി, ബഹു. കോഴിക്കോട് എം. പി., ബഹു. കോഴിക്കോട്, നോർത്ത് എം. എൽ. എ, കോഴിക്കോട് ജില്ലാകളക്ടർ മുതലായവർ പങ്കെടുത്തിരുന്നു.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വിശദമാക്കുമോ ; | (ഡി) | പദ്ധതികൾക്ക് വേണ്ടി കെ. എം. സി. എൽ 01.10.2013 - ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുളളൂ എന്നതിനാൽ, സർക്കാർ നിർദ്ദേശ പ്രകാരം പുനർ ദർഘാസ് വിളിക്കുകയും ചെയ്തു. പുനർ ദർഘാസ് 30.05.2014 - ന് തുറന്നെങ്കിലും വീണ്ടും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി. എം. ആർ. സി വിശദമായി പരിശോധിച്ചതിനു ശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28.08.2014 - ന് കൂടിയ ബോർഡ് യോഗത്തിൽ, ടെൻഡർ നിരസിക്കുകയും ചെയ്തു. മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാനും തീരുമാനിച്ചു.<br><br>28.08.2014 - ന് കൂടിയ 10 - ാമത് കേരള മോണോറെയിൽ കോർപ്പറേഷൻ ബോർഡ് യോഗത്തിൽ, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും പകരം മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ, ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ രൂപരേഖ 08.10.2014 - ന് കൂടിയ 11 - ാമത് കേരള മോണോറെയിൽ കോർപ്പറേഷൻ ബോർഡ് യോഗം പ്രസ്തുത രൂപരേഖ അംഗീകരിക്കുകയും, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ പദ്ധതിയുടെ നടത്തിപ്പിനായുള്ള turn – key കൺസൽട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗ തീരുമാന പ്രകാരം, ലൈറ്റ് മെട്രോ പദ്ധതി |

നടത്തിപ്പിൽ മുൻ പരിചയമുള്ള 12 കമ്പനികളുടെ യോഗം, ഡോ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ 19.11.2014 - ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപ-രേഖക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എത്ര തുകയാണ് ചെലവു പ്രതീക്ഷിച്ചിരുന്നത് ; ഈ തുക എങ്ങനെ സമാഹരിക്കാനാണ് തീരുമാനിച്ചത്; വിശദമാക്കുമോ; | (ഇ) | കോഴിക്കോട് മോണോറെയിൽ പദ്ധതിക്ക് കണക്കാക്കപ്പെട്ട മൊത്തം ചെലവ് 1991 കോടി രൂപയാണ്. പദ്ധതിക്കായി ധന സമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും, 20% കേന്ദ്ര ഗവൺമെന്റും, ബാക്കി 60% തദ്ദേശീയ ബാങ്കുകൾ, വിദേശ സന്നദ്ധ ഏജൻസികൾ മുഖേനയും സമാഹരിക്കണമെന്നാണ് ഡി. പി. ആർ വിഭാവനം ചെയ്തിരിക്കുന്നത്. |
| (എഫ്) | പ്രസ്തുത പദ്ധതിക്കാവശ്യമായ 20% കേന്ദ്രവിഹിതം ലഭിക്കാനാവശ്യമായ കോംപ്രിഹെൻസീവ് മൊബലിറ്റി പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ? | (എഫ്) | പ്രസ്തുത നഗരങ്ങളുടെ കോംബ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ തയ്യാറാക്കേണ്ടിയിരുന്നത് അതാത് കോർപ്പറേഷനുകളായിരുന്നു. ഇവ തയ്യാറാക്കി നൽകുന്നതിന് കെ. എം. സി. എൽ ആവശ്യപ്പെട്ടപ്പോൾ കാലതാമസമുണ്ടാകുമെന്നറിയിച്ചതിനാൽ ഈ പഠനം നടത്തുന്നതിനായി 9 - ാമത് കെ. എം. സി. എൽ ബോർഡ് യോഗ തീരുമാന പ്രകാരം ഗവൺമെന്റ് ഏജൻസിയായ നാറ്റ് പാക് - നെ ചുമതലപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ